# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1054 01/03/2017-ൽ മറുപടിയ്ക്ക്

**ദേശീയ, സംസ്ഥാന പാതയോരങ്ങളിലെ മദ്യവിൽപ്പനശാലകൾ നിരോധിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. ടി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ദേശീയ, സംസ്ഥാന പാതയോരങ്ങളിലെ മദ്യ വിൽപ്പനശാലകൾ നിരോധിച്ചുകൊണ്ടുള്ള ബഹു.സുപ്രീംകോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവ് നടപ്പിലാക്കുന്നതിനാവശ്യമായ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ലഭിച്ചിട്ടുണ്ട്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദേശീയ-സംസ്ഥാന പാതകളുടെ 500 മീറ്റർ പരിധിയ്ക്കകത്തുള്ള എല്ലാ വിദേശമദ്യ ചില്ലറ വിൽപ്പനശാലകളും മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ബിവറേജസ് കോർപ്പറേഷന്റെ 20 ഷോപ്പുകൾ മാറ്റി സ്ഥാപിച്ചുകഴിഞ്ഞു. |
| (ബി) ദേശീയ, സംസ്ഥാന പാതയോരങ്ങളിലെ മദ്യത്തിന്റെയും മദ്യശാലകളുടെയും പരസ്യങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ലഭിച്ചിട്ടുണ്ടോ: എങ്കിൽ ഉത്തരവ് നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) ബഹു.സുപ്രീം കോടതിയുടെ 15.12.2016 ലെ സി.എ 12164-12166/2016 നമ്പർ ഉത്തരവിൽ ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യത്തിന്റെയും മദ്യശാലകളുടെയും പരസ്യങ്ങൾ നീക്കം ചെയ്യണമെന്നും ഉത്തരവിട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള പരസ്യങ്ങൾ നീക്കം ചെയ്യാൻ എക്സൈസ് കമ്മീഷണർക്കും ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ